നടുവണ്ണൂർ വോളീബോൾ അക്കാഡമിക്ക് മിച്ചഭൂമി അനുവദിക്കൽ

193 (1249) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂരിൽ പ്രവർത്തിക്കുന്ന വോളീബോൾ അക്കാഡമിക്ക്, സമീപത്തെ കൃഷി യോഗ്യമല്ലാത്ത മിച്ചഭൂമി അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ നടുവണ്ണൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 33-ൽപ്പെട്ട 1.96 ½ ഏക്കർ മിച്ചഭൂമി വോളീബോൾ അക്കാദമി സ്ഥാപിക്കുന്നതിന് നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് കൈമാറണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന് സൗജന്യമായി ഭൂമി നൽകുവാൻ കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥയില്ല. പ്രസ്തുത ഭൂമിയുടെ കമ്പോളവില അടയ്ക്കുവാനോ പകരം ഭൂമി നൽകുവാനോ പഞ്ചായത്ത് അധികൃതർ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നീക്കിവയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ചെല്ലഞ്ചി പാലം, ഏറ്റെടുത്ത ഭൂമിക്ക് ന്യായവില

194 (1250) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലഞ്ചി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഏറ്റെടുത്ത ഭൂമിക്ക് ന്യായവില ഉടമസ്ഥർക്ക് നൽകുന്നതിന് എന്തു തടസ്സമാണ് നിലനിൽക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) നഷ്ടപരിഹാരത്തുക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) 26-8-2014-ലെ സ.ഉ.(സാധാ)4158/14/റവ നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം അവാർഡ് എൻക്വയറി നടത്തിക്കഴിഞ്ഞു. സമ്മതപത്രം നൽകിയ കക്ഷികൾക്കും അല്ലാത്തവർക്കും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവാർഡ് തുക നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് കക്ഷികൾക്ക് നൽകാനുള്ള തുക നൽകിയാൽ മാത്രമേ അവാർഡ് പാസ്സാക്കുവാൻ കഴിയുകയുള്ളൂ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly